

കർണ്ണം മല്ലേശ്വരി



പി.ടി. ഉഷ



ഷൈനി വിൽസൺ

(International Copyright Day) ആചരിക്കുന്നു.

- ഒളിവർ ഗോൾഡ് സ്മിത്തിന്റെ പ്രശസ്തമായ വരികളാണ് 'നിയമം പാവപ്പെട്ടവനെ കശക്കുന്നു, പണക്കാരൻ നിയമത്തെയും' (Law grinds the poor, rich men rules the law) എന്നത്. ഐറിഷ് നാടകകൃത്തും കവിയുമായ ഒളിവർ ഗോൾഡ് സ്മിത്തിന്റെ 'The Vicar of Wakefield' എന്ന നോവലിലെ വരികളാണിത്.
  ഇംഗ്ലണ്ടിലെ റൊമാന്റിക് കാലഘട്ടത്തിലെ കവിയായ വില്യം വേർഡ്സ്വർത്തിന്റെ പ്രശസ്തമായ വരികളാണ് 'The Child is the father of the man'. വേർഡ്സ്വർത്തിന്റെ 'My Heart Leaps Up' എന്ന കവിതയിലെ വരികളാണിത്.

3. (d) **മാഡം മേരി ക്യൂറി**

- രണ്ട് വ്യത്യസ്ത വിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയ ഏക വനിതയും ആദ്യ വ്യക്തിയും മേരി ക്യൂറിയാണ്.
- നൊബേൽ പുരസ്കാരം ലഭിച്ച ആദ്യ വനിതയും മേരി ക്യൂറിയാണ്. 1903-ൽ ഭൗതികശാസ്ത്രത്തിനാണ് മേരി ക്യൂറിക്ക് ആദ്യമായി നൊബേൽ സമ്മാനം ലഭിച്ചത്.
- ഭർത്താവ് പിയറി ക്യൂറിയോടൊപ്പം മേരി ക്യൂറി 1903-ലെ ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരം പങ്കിടുകയായിരുന്നു.
- പിന്നീട് 1911-ൽ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരവും മേരി ക്യൂറിയെ തേടിയെത്തി. രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ച ആദ്യ വനിതയും മേരി ക്യൂറിയാണ്.
- മേരി ക്യൂറി, പിയറി ക്യൂറി ദമ്പതിമാരുടെ പുത്രിയായ ഐറിൻ ജൂലിയറ്റ് ക്യൂറിക്ക് 1935-ൽ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ചു. ഭർത്താവ് ഫ്രഡറിക് ജൂലിയറ്റിനൊപ്പമാണ് ഐറിൻ ജൂലിയറ്റ് ക്യൂറി ഈ പുരസ്കാരം പങ്കിട്ടത്.
- ലിനസ് പോളിങ്, ജോൺ ബർദീൻ, ഫ്രഡറിക് സാംഗർ എന്നിവരാണ് മേരി ക്യൂറിയെ കൂടാതെ രണ്ട് നൊബേൽ പുരസ്കാരം നേടിയവർ.
- 1954-ൽ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ ലിനസ് പോളിങ്ങിന് 1962-ൽ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരവും ലഭിച്ചു. ശാസ്ത്രവിഷയത്തിലും ശാസ്ത്രേതര വിഷയത്തിലും നൊബേൽ നേടിയ ഏക വ്യക്തിയാണ് ലിനസ് പോളിങ്.
- 1956-ലും 1972-ലും ഭൗതികശാസ്ത്രത്തിൽ നൊബേൽ നേടിയ ജോൺ ബർദീൻ ഈ വിഷയത്തിൽ രണ്ട് നൊബേൽ നേടുന്ന ഏക വ്യക്തിയാണ്.
- രസതന്ത്രത്തിൽ രണ്ട് നൊബേൽ നേടുന്ന ഏക വ്യക്തി ഫ്രഡറിക് സാംഗറാണ് (1958, 1980).

4. (b) **ഗ്വാളിയോർ**

- 1957-ൽ ലക്ഷ്മിഭായി കോളേജ് ഓഫ് ഫിസിക്കൽ എജുക്കേഷൻ എന്ന പേരിലാണ് സ്ഥാപിതമായത്. 2000-ൽ ഡീംഡ് യൂണിവേഴ്സിറ്റി പദവി ലഭിച്ചതോടെയാണ് ഇന്നത്തെ പേര് സ്വീകരിച്ചത്.
- 1857-ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 100-ാം വാർഷികമായ 1957-ൽ സ്ഥാപിതമായ കോളേജിന് വിപ്ലവത്തിലെ ധീര രക്തസാക്ഷിയായ ത്സാൻസി റാണിയുടെ പേരാണ് നൽകിയിരിക്കുന്നത്. 1828-ലാണ് റാണി ലക്ഷ്മിഭായി ജനിച്ചത്. മണികർണിക, മനു എന്നൊക്കെയായിരുന്നു ലക്ഷ്മിഭായിയുടെ ആദ്യകാല പേരുകൾ. മണികർണികയെ വിവാഹം കഴിച്ച ത്സാൻസിയിലെ രാജാവാണ് ഗംഗാധർ റാവു.
- 1857-ലെ വിപ്ലവത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ ത്സാൻസി റാണി 1858-ൽ ഗ്വാളിയോറിൽവെച്ച് വധിക്കപ്പെട്ടു.
- ലക്ഷ്മിഭായി കോളേജ് ഓഫ് ഫിസിക്കൽ എജുക്കേഷൻ സ്ഥിതിചെയ്യുന്നത് തിരുവനന്തപുരത്ത് കാര്യവട്ടത്താണ്.

5. (b) **ഷൈനി വിൽസൺ**

- 1992-ലെ ബാഴ്സലോണ ഒളിമ്പിക്സിലാണ് ഷൈനി ഇന്ത്യൻ ടീമിനെ നയിച്ചത്.
- ഒളിമ്പിക്സിൽ സെമിഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയും ഷൈനി വിൽസനാണ്. 1984-ലെ ലോസ് ആഞ്ജലിസ് ഒളിമ്പിക്സിലാണ് ഷൈനി സെമിഫൈനലിൽ എത്തിയത്.
- എന്നാൽ ഒളിമ്പിക്സ് ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിത പി.ടി. ഉഷയാണ്. 1984-ലെ ലോസ് ആഞ്ജലിസ് ഒളിമ്പിക്സിലാണ് പി.ടി. ഉഷ ഈ നേട്ടം കൈവരിച്ചത്.
- 1980-ലെ മോസ്കോ ഒളിമ്പിക്സിൽ പങ്കെടുത്തുകൊണ്ട് പി.ടി. ഉഷ ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ആദ്യ മലയാളി വനിതയായി. ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യ മലയാളി സി.കെ. ലക്ഷ്മണനാണ് (1924ലെ പാരിസ് ഒളിമ്പിക്സ്).
- ഒളിമ്പിക്സിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിത കർണം മല്ലേശ്വരിയാണ്. 2000-ലെ സിഡ്നി ഒളിമ്പിക്സിൽ കർണം മല്ലേശ്വരി ഭാരോദ്വഹനത്തിൽ വെങ്കല മെഡൽ നേടി.
- ലോക അത്ലറ്റിക് മീറ്റിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിത അഞ്ജു ബോബി ജോർജാണ്.